(ബി) കുഞ്ഞാലിമരയ്ക്കാരുടെ പ്രദേശം ഒരു സാംസ്കാരിക ഗ്രാമമായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരികയാണ്. ഈ പദ്ധതി സ്ഥലത്തോടുചേർന്ന് കേന്ദ്രധനസഹായത്തോടെ 54,59,724 രൂപ ചെലവിൽ ഒരു ജെട്ടി സമുച്ചയം നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ജെട്ടി നിർമ്മാണം ഒരു വർഷത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ കുഞ്ഞാലിമരയ്ക്കാരുടെ പ്രദേശം കൂടുതൽ ടൂറിസം പ്രാധാന്യമുള്ളതായി മാറുന്നതാണ്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഓണച്ചന്ത

18 [3440] *ശ്രീ. കെ. സി. ജോസഫ്:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. മുരളി:
,, വി. ഡി. സതീശൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണക്കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര ഓണച്ചന്തകൾ നടത്തി;

(ബി) അന്ന് ഓണച്ചന്ത നടത്തിയവകയിൽ ലഭിച്ച ലാഭം/നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷം എത്ര ഓണച്ചന്തകൾ നടത്താൻ ഉദ്ദേശിക്കുന്നു;

(ഡി) ഓണച്ചന്തയിൽ വിൽപ്പനയ്ക്ക് വയ്ക്കുന്ന സാധനങ്ങൾ അതേ വിലയ്ക്ക് കമ്മീഷൻ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾ വഴിയും വിൽക്കുവാൻ ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) 101 എണ്ണം.

(ബി) 2004-ലെ ഓണച്ചന്ത നടത്തിയ വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടായ നഷ്ടം 1,22,29,848 രൂപയാണ്.

(സി) ഈ വർഷത്തെ ഓണത്തിന് 5 ഓമട്രാ ഫെയറുകൾ, 10 ജില്ലാ ഫെയറുകൾ കൂടാതെ മറ്റ് മുനിസിപ്പാലിറ്റി/താലൂക്ക് ആസ്ഥാനങ്ങളിൽ ഓണം മാർക്കറ്റുകളും നടത്താനുദ്ദേശിക്കുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly